**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **04-02-2026 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നെല്ലിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയിൽ ഉള്ള കാര്യമാണ്. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 2024-25 വർഷം നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 4.575 ടൺ എന്ന അളവിൽ എത്തിക്കഴിഞ്ഞു. നെല്ല്ന്റെ ഉല്പാദന ക്ഷമത ഹെക്ടറിന് 4.5 ടണ്ണായി ഉയർത്തും എന്ന് പ്രകടന പത്രികയിൽ പറഞ്ഞിരുന്ന വാഗ്ദാനം പാലിക്കപ്പെട്ടിരിക്കുകയാണ്. ഈ കാലയളവിൽ അരിയുടെ അടിസ്ഥാനത്തിലുള്ള കണക്കുപ്രകാരം ഉല്പാദന ക്ഷമത 3006 കിലോഗ്രാം / ഹെക്ടർ ആണ്. ദേശീയ ശരാശരി 2899 കി . ഗ്രാം / ഹെക്ടർ ആയിരിക്കേയാണ് കേരളത്തിന് ഉയർന്ന നേട്ടം കൈവരിക്കുവാൻ സാദ്ധ്യമായത്. ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിൽ നെൽകർഷകർക്ക് ആവശ്യമായ എല്ലാ വിധ പിന്തുണയും സർക്കാർ നൽകിയതിനാലാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷി വികസന പദ്ധതിയിൻ കീഴിൽ ഉൽപ്പാദനോപാധികൾക്കായി മാത്രം 297.23 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി റീബിൽഡ് കേരളാ ഇൻഷേറ്റീവ് പദ്ധതി , ആർ. ഐ.ഡി. എഫ് പദ്ധതി എന്നിവ വഴി 666.61 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.<br><br>ഉല്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സർക്കാർതലത്തിൽ ഉയർന്ന വില നൽകി സംഭരിക്കുന്നുണ്ട്. അടിസ്ഥാന വിലയും സംസ്ഥാന പ്രോത്സാഹന ബോണസും ചേർത്ത് കിലോഗ്രാമിന് |

30 രൂപ വില നൽകിയാണ് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം.

നെൽകൃഷി പ്രോത്സാഹിപ്പിക്കാനും കർഷകർക്ക് സുരക്ഷിതമായ വരുമാനം ഉറപ്പാക്കാനും സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമാണ്. സാമ്പത്തിക സഹായം, സാങ്കേതിക പിന്തുണ, പ്രോസസ്സിംഗ് സൗകര്യങ്ങൾ, സംഭരണ വിപണന പിന്തുണ, ഇൻഷുറൻസ്, സബ്സിഡി, സാങ്കേതിക പരിശീലനം എന്നിവ കർഷക സമൂഹത്തിന് വലിയ ആശ്വാസമാണ് നൽകുന്നത്.

കേരളാ കാർഷികസർവ്വകലാശാലയുടെ സഹായത്തോടെ ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി താഴെ പറയുന്ന ഇടപെടലുകൾ സർക്കാർ കൈ കൊണ്ടുവരുന്നു.

- അത്യുത്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ
- നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റിയായി ഹെക്ടറിന് 3000/- രൂപ.
- നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി നെൽകൃഷിക്കുള്ള കുമ്മായത്തിന് ഒരു ഹെക്ടറിലേക്ക് 5400/- രൂപ .
- തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും , 5000/- രൂപ

ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ .

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ .
- കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യേക ഓപ്പറേഷൻ ഡബിൾ കോൾ എന്ന പ്രത്യേക പദ്ധതി.
- നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി.
- ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി പദ്ധതി.
- പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ .
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി പ്രോജക്ടാധിഷ്ഠിത ധനസഹായം.
- പ്രൊജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി പ്രത്യേക സഹായം
- നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ .
- ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ നെൽകൃഷിയുടെ ജലസേചനത്തിനാവശ്യമായ സൗജന്യ വൈദ്യുതി.
- പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തല സീഡ് മൾട്ടിപ്ലിക്കേഷൻ നടത്തുന്നതിനായി പ്രത്യേക പദ്ധതി
- പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന

സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി സർക്കാർ ധനസഹായം.

- ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുമുള്ള ആനുകൂല്യം. (പരമാവധി 25000/-രൂപ/ ഹെക്ടർ . പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപ)
- പ്രകൃതിക്ഷോഭം മൂലം നെൽകൃഷി ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യം.
- വിള നാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ .
- വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിള നാശത്തിനു ഹെക്ടറിന് 15000/- രൂപ ധനസഹായം. 45 ദിവസത്തിന് ശേഷമുള്ള വിള നാശത്തിനു ഹെക്ടറിന് 35000/-രൂപ ധനസഹായം.
- കുട്ടനാടൻ മേഖലയിലെ പ്രത്യേക കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയ്ക്കു വേണ്ടി വെള്ളം വറ്റിക്കുന്നതു മുതൽ നിലമൊരുക്കൽ, വിത്തിടൽ, വിളവെടുപ്പ്, സംഭരണം തുടങ്ങി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്ന തിനു വേണ്ടി കാർഷിക വിള കലണ്ടർ.

കൂടാതെ ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന പിന്തുണയും സർക്കാർ നൽകി വരുന്നുണ്ട്.

- 'കേരാ' പദ്ധതി വഴി പാലക്കാട്, തൃശൂർ ജില്ലകളിലെ കാലാവസ്ഥാനുപൂരക നെൽ കൃഷിക്ക് അന്താരാഷ്ട്രാ നെല്ലു ഗവേഷണ കേന്ദ്രവുമായി ചേർന്നു നടപ്പാക്കുന്ന 336.37 കോടി രൂപയുടെ പദ്ധതി പിന്തുണ .
- അഗ്രോ സർവ്വീസ് സെന്റർ, കേരളാ സംസ്ഥാന മെക്കനൈസേഷൻ മിഷൻ വഴി യന്ത്രവൽകൃത കൃഷിക്കുള്ള പിന്തുണ.
- സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ പിന്തുണ .
- കൃഷിച്ചെലവ് കുറക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിനുള്ള ധനസഹായവും സാങ്കേതിക പരിശീലനവും<br>• സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇപ്രൂവ്മെന്റ് പ്രോഗ്രാം<br>• പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി. |
| (ബി) | കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാബേസ് സൃഷ്ടിക്കാനും ഓരോ നെൽവയലും ജി.പി.എസു-മായി ബന്ധപ്പെടുത്തുന്നതിനും ഇതുവഴി തരിശുഭൂമി നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ പാടശേഖരങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും തരിശു ഭൂമി നിർമ്മാർജ്ജന പരിപാടികൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനുമായി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കാർഷിക സേവനങ്ങൾക്കുള്ള "കതിർ" (KATHIR ) പോർട്ടൽ നിലവിൽ വന്നു കഴിഞ്ഞു. ഈ ഏകീകൃത പോർട്ടലിന്റെ സ്പേഷ്യൽ ഡാറ്റാ ബാക്ക്ബോൺ (spatial data backbone) ശക്തിപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ലാൻഡ് യൂസ് ബോർഡിനെ ചുമതലപ്പെടുത്തിക്കൊണ്ടു ഒരു സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷൻ ആൻഡ് IT ഇൻഫ്രാസ്ട്രക്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ പഞ്ചായത്ത് തലത്തിൽ പാടശേഖരങ്ങൾ, നിലവിൽ നെൽകൃഷിയുള്ള സ്ഥലങ്ങൾ, തരിശു ഭൂമികൾ, തരം മാറ്റിയ നിലങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്പേഷ്യൽ ഡാറ്റ ബേസ് തയ്യാറാക്കുവാനും ഈ സംവിധാനം ഉപയോഗിച്ച് ഓരോ പാടശേഖരത്തിലുമുള്ള തരിശുഭൂമിയുടെ അളവ് കൃത്യമായി തിട്ടപ്പെടുത്തി , കാർഷിക പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യുവാനും സാധ്യമാകും. ഇതിനായി ഏഴ് അഗ്രികൾച്ചർ ഓഫീസർമാർ, 28 പ്രൊജക്റ്റ് സയന്റിസ്റ്റ് (ജിയോളജി), 14 പ്രൊജക്റ്റ് സയന്റിസ്റ്റ് (ജിയോ ഇൻഫർമാറ്റിക്സ് ) എന്നിവർ അടങ്ങുന്ന ഒരു സാങ്കേതികനിരയെ തയ്യാറാക്കിയാണ് ഈ പ്രവർത്തനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ